പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ :1717

05.02.2019-ൽ
മറുപടിയ്ക്ക്

## പൂഞ്ഞാർ മണ്ഡലത്തിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ

*ചോദ്യം*
ശ്രീ.പി.സി. ജോർജ്

*ഉത്തരം*
ഡോ.കെ.ടി.ജലീൽ
ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ്
ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി

| | | | |
|---|---|---|---|
| (എ) | പൂഞ്ഞാർ ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജിൽ വിദ്യാർത്ഥികൾ വളരെയധികം കുറഞ്ഞ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കുവാൻ ആവശ്യമായ എന്തെങ്കിലും നടപടി ഉന്നതവിദ്യാഭ്യാസവകുപ്പ് സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഉണ്ട്. വിദ്യാർത്ഥികളുടെ കുറവ് പരിഹരിക്കുന്നതിനായി സ്വീകരിക്കേണ്ട വകുപ്പുതല നടപടിക്രമങ്ങൾ സംബന്ധിച്ച് 22/01/2019-ൽ ഐ.എച്ച്.ആർ.ഡി. ഡയറക്ടർ വിളിച്ചുചേർത്ത സ്ഥാപനമേധാവികളുടെ യോഗം ചർച്ച ചെയ്യുകയും തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച റിപ്പോർട്ട് സർക്കാരിൽ ലഭിക്കുന്ന മുറക്ക് പരിശോധിക്കുന്നതാണ്. |
| (ബി) | പൂഞ്ഞാർ മണ്ഡലത്തിൽ പുതിയതായി ഗവൺമെന്റ് മേഖലയിൽ ആർട്സ് ആന്റ് സയൻസ് കോളേജോ മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളോ സ്ഥാപിക്കാൻ തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (ബി) | ഇല്ല. |

സെക്ഷൻ ഓഫീസർ